## പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 163

08.02.2016 ലെ മറുപടിയ്ക്ക്

### നടപ്പിലാക്കാൻ സാധിച്ചിട്ടില്ലാത്ത പ്രഖ്യാപിത പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)** | **ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി)** |
| (എ) ഈ സർക്കാരിന്റെ കാലത്ത് ഓരോ ബഡ്ജറ്റുകളിലൂടെയും ശാസ്ത്ര-സാങ്കേതിക ശാസ്ത്ര-സയന്റിഫിക്സ് ഇൻസ്റ്റിറ്റ്യൂട്ട് വകുപ്പ് വഴി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച പദ്ധതികളിലും പരിപാടികളിലും അതത് വർഷങ്ങളിൽ പൂർണ്ണമായും നടപ്പിൽ വരുത്തുവാൻ സാധിച്ചിട്ടില്ലാത്തവ എത്ര; അവ ഏതെല്ലാം; ഓരോ ബഡ്ജറ്റ് പ്രസംഗത്തിലേയും നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വിശദമാക്കാമോ; | (എ) 2012-13 ൽ മൂന്നാറിലെ പാർവ്വതി മലയാറിൽ ഒരു ബൊട്ടാണിക്കൽ ഗാർഡൻ സ്ഥാപിക്കുമെന്നും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ കീഴിൽ പ്രവർത്തിക്കുന്ന ശാസ്ത്ര ഗവേഷണ സ്ഥാപനങ്ങളുടെ കൺസോർഷ്യം രൂപകരിക്കുമെന്നും പ്രഖ്യാപിച്ചു. 2013-14 ൽ കരമന റിവർ മാനേജ്മെന്റ് പ്രോജക്ട് - (5കോടി രൂപ) സയൻസ് സിറ്റി- (1 കോടി രൂപ), ശ്രീനിവാസ രാമാനുജ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബേസിക് സയൻസ് സെന്റർ- (10 കോടി രൂപ), സ്റ്റേറ്റ് ടെക്നോജളി ട്രാൻസ്ഫർ ഇൻസ്റ്റിറ്റ്യൂട്ട് - (5 കോടി രൂപ) എന്നിവ പ്രഖ്യാപിച്ചു. 2014-15 ൽ കേന്ദ്ര സംസ്ഥാന ടെക്നോളജി പാർട്ട്ണർഷിപ്പ് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നതായി പ്രഖ്യാപിച്ചു. യുവ ശാസ്രജ്ഞൻമാർക്കായുള്ള അവാർഡ്, ശാസ്ത്ര സാങ്കേതിക മാനേജ്മെന്റ് പരിശീലനം തുടങ്ങിയ വിവിധ പദ്ധതികൾക്കായി 22.51 കോടി രൂപ വകയിരുത്തിയിട്ടുള്ളതായി പ്രഖ്യാപിച്ചു. ഈ പദ്ധതികൾ വിവിധ ഘട്ടങ്ങളിലായി നടപ്പിലാക്കി വരുന്നു. |

(ബി) കഴിഞ്ഞ അഞ്ച് വർഷങ്ങളിലായി ശാസ്ത്ര - സാങ്കേതികശാസ്ത്ര - സയന്റിഫിക് ഇൻസ്റ്റിറ്റ്യൂട്ട്സ് വകുപ്പിന് വകയിരുത്തപ്പെട്ട പദ്ധതി തുകയും അതത് വർഷം യഥാർത്ഥത്തിൽ ചെലവഴിച്ച തുകയും ചെലവഴിക്കാൻ കഴിയാതിരുന്ന തുകയും എത്രയാണ്; വകയിരുത്തിയ തുകയുടെ എത്ര ശതമാനം ചെലവഴിച്ചു; ഇതിൽ ഇപ്പോൾ ട്രഷറിഅക്കൌണ്ടിൽ ബാക്കി നിൽപ്പുള്ള തുക എത്ര;

(ബി) വകയിരുത്തപ്പെട്ട പദ്ധതിത്തുകയും അതിന്റെ ചെലവും സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു. ട്രഷറി അക്കൗണ്ടിൽ ബാക്കി തുക നീക്കിയിരുപ്പില്ല.

(സി) ഓരോ വർഷവും റീ അപ്രോപ്രിയേഷൻ വഴി വകമാറ്റി ചെലവഴിച്ചിരുന്ന തുക എത്ര വീതമായിരുന്നു; വിശദമാക്കാമോ?

(സി) റീ അപ്രോപ്രിയേഷൻ വഴി തുക വകമാറ്റി ചെലവഴിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ

അനുബന്ധം

| വർഷം | ബഡ്ജറ്റിൽ വകയിരുത്തിയ തുക | ഗവൺമെന്റിൽ നിന്നും ലഭിച്ച തുക (ലക്ഷം) | ചെലവഴിച്ച തുക (ലക്ഷം) | ചെലവഴിക്കാത്ത തുക (ലക്ഷം) | വകയിരുത്തിയ തുക ചെലവഴിച്ചത് (ശതമാനത്തിൽ) |
|---|---|---|---|---|---|
| 2011-12 | 4925 ലക്ഷം | 4016.58 | 4016.58 | 908.42 | 81% |
| 2012-13 | 6645 ലക്ഷം | 5374.152 | 5374.152 | 1270.848 | 80.8% |
| 2013-14 | 7920 ലക്ഷം | 5136.93 | 5136.93 | 2783.07 | 64.86% |
| 2014-15 | 9097 ലക്ഷം | 6216.32 | 6216.32 | 2880.68 | 68.33% |
| 2015-16 | 10004 ലക്ഷം | ചെലവഴിച്ച് വരുന്നു | | | |

സെക്ഷൻ ഓഫീസർ